<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 772</u> <u>06-10-2021 - ൽ മറുപടിയ്ക്ക്</u>

<u>പട്ടിക വർഗ്ഗ കോളനികളിലേക്കുള്ള റോഡുകളുടെ നവീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടിക വർഗ്ഗ കോളനികളിലേക്കുള്ള റോഡുകളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഊരുകൂട്ടങ്ങളുടെ ശുപാർശയനുസരിച്ചും ഫീസിബിലിറ്റിയുടെയും അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി തേടി റോഡുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽപ്പെട്ട ഇളമാങ്കൽ, കടവ് എന്നീ കോളനികളിൽ താമസിക്കുന്ന 45 കുടുംബങ്ങൾക്ക് ഗതാഗതയോഗ്യമായ റോഡില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. വനത്തിനുള്ളിൽ ഒറ്റപ്പെട്ട് കിടക്കുന്ന ഇളമാങ്കൽ കോളനിയിൽ 5 വീടുകളിലായി 5 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മുണ്ടയോട് നിന്ന് 4 കി. മീ വനത്തിനുള്ളിൽ കൂടി നടവഴിയാണ് നിലവിലുള്ളത്. ഈ 4 കി. മീ ദൂരം കോൺക്രീറ്റ് അഥവാ ഇന്റർലോക്ക് ചെയ്ത് റോഡ് നിർമ്മിക്കേണ്ടതായി വരും. കടവിൽ കോളനിയിൽ 18 വീടുകളിലായി 19 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മുണ്ടയോട് നിന്നും കടവിൽ കോളനിയിലേയ്ക്ക് 3. കി. മീ ദൂരം മൺറോഡാണ്. ഇതിൽ 300 മീറ്റർ പാട്യം ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ടി പ്രവൃത്തികൾ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | മുണ്ടയോട് മുതൽ ഇളമാങ്കൽ കോളനി വരെയും, മുണ്ടയോട് മുതൽ കടവ് കോളനി വരെയും ഉള്ള റോഡുകൾ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ? | (സി) | പ്രവൃത്തികൾ ഊരുകൂട്ടത്തിന്റെ ശുപാർശയോടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാകുന്ന പക്ഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ